## പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ്

(ഹാജർ: ജെസ്സി ജോസഫ്)

വിഷയം:- പൊതു വിദ്യാഭ്യാസം - എയ്ഡഡ് - അധ്യാപക പാക്കേജ് - ശ്രീമതി.ടി.കെ.ജലീല, പാർട്-ടൈം അറബിക് ടീച്ചർ, പൊന്ന്യം മാപ്പിള എൽ.പി. സ്കൂൾ - നിയമനാംഗീകാരത്തിനെതിരെയുള്ള ഓഡിറ്റ് തടസ്സവാദം - ഒഴിവാക്കിയതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1) ഈ കാര്യാലയത്തിൽ നിന്നുള്ള 13-12-2011 ലെ ഉത്തരവ് നമ്പർ എച്ച്2/35920/11/ഡി.പി.ഐ.

2) തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10-11-2016 ലെയും 08-05-2017 ലെയും കത്തുകൾ നമ്പർ സി/5732/16.

3) പൊന്ന്യം മാപ്പിള എൽ.പി. സ്കൂൾ മാനേജരുടെ 15-05-2017-ലെ കത്ത്.

4) കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 09-05-2017 ലെ കത്ത് നമ്പർ ഒ.എ.II (3)/5840/14.

5) കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01-07-2017 ലെ കത്ത് നമ്പർ ഒ.എ. II (3)/5840/14.

### ഉത്തരവ് നമ്പർ അ.തീ/എച്ച്(2)/81747/2016/ഡി.പി.ഐ. തീയതി: 29/07/2017.

പൊന്ന്യം മാപ്പിള എൽ.പി. സ്കൂളിൽ 2008-09 വർഷം ഉണ്ടായ ഒരു റിട്ടയർമെന്റ് ഒഴിവിൽ 5-8-2009 മുതൽ പാർട്-ടൈം അറബിക് അധ്യാപികയായി നിയമിക്കപ്പെട്ട ആളാണ് ശ്രീമതി.ടി.കെ.ജലീല, പരാമർശം 1-ലെ ഉത്തരവ് വഴി ശ്രീമതി.ടി.കെ.ജലീലയുടെ പേര് പൊതുവിദ്യാഭ്യാസ ഡയറക്ടർ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തുകയും (ക്രമ നമ്പർ 177) 01-06-2011 മുതൽ നിയമനാംഗീകാരം നൽകാൻ നിർദേശിക്കുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ച ശ്രീമതി.ടി.കെ.ജലീല അന്നുമുതൽ സർവീസിൽ തുടർന്നുവരവെ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ നിന്നുള്ള ഓഡിറ്റ് വിഭാഗം എഴുതിയ ഒരു ഓഡിറ്റ് തടസ്സവാദത്തിന്റെ അടിസ്ഥാനത്തിൽ ഈ അധ്യാപികയുടെ 12/2016 മുതലുള്ള ശമ്പളം തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തടഞ്ഞു. തുടർന്ന് പരാമർശം 2-ലെ, 10-11-2016-ലെ കത്ത് പ്രകാരം തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി.ജലീലയുടെ 1-6-2011 മുതലുള്ള നിയമനാംഗീകാരം റദ്ദ് ചെയ്തു നൽകാൻ ഈ കാര്യാലയത്തിൽ അപേക്ഷ നൽകി. ഈ വിഷയത്തിൽ 16-5-2017 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഒരു കൂടിക്കാഴ്ച നടത്തുകയുണ്ടായി. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെയും തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പ്രതിനിധികളും ശ്രീമതി.റ്റി.കെ.ജലീലയും ഈ കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

"01-06-2011 മുതൽ 8-6-2011 വരെ ശ്രീമതി. ജലീല സ്കൂളിൽ ഹാജരായിട്ടില്ലെന്നും, 1-6-2011 ന് സ്കൂളിൽ ഇല്ലാത്തവരെ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയതെന്ന കാര്യത്തിൽ വിശദീകരണം നൽകണമെന്നും നിയമനം റദ്ദ് ചെയ്യണമെന്നും" ആയിരുന്നു കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ എഴുതിയ തടസ്സ വാദം. തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇതിന് കാര്യകാരണ സഹിതം മറുപടി നൽകിയെങ്കിലും വിദ്യാഭ്യാസ ഉപഡയറക്ടർ തടസ്സവാദം ഒഴിവാക്കിയില്ല. 06-08-2009 മുതൽ സർവീസിൽ തുടർന്നുവന്ന ശ്രീമതി. ജലീല അധ്യാപക പാക്കേജ് ഉത്തരവ് പ്രസിദ്ധീ കരിക്കുന്നതിന് 4 മാസം മുൻപാണ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1-6-2011 മുതൽ 10-06-2011 വരെ ശൂന്യവേതനാവധിക്ക് അപേക്ഷിച്ചത്. പ്രഥമാധ്യാപകൻ അവധി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അവധി അനുവദിക്കേണ്ട അധികാരി അത് അനുവദി ച്ചിട്ടും, "01-06-2011 ന് ശ്രീമതി.ജലീല സർവീസിലില്ല" എന്നതരത്തിലുള്ള ഓഡിറ്റ് തടസ്സവാദ ത്തിന്റെ അർത്ഥശൂന്യത കൂടിക്കാഴ്ചാവേളയിൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രതിനിധിയെ ബോധ്യപ്പെടുത്തി. മാത്രമല്ല പൊതുവിദ്യാഭ്യാസ ഡയറക്ടറും സർക്കാരും ചേർന്ന് അനുവദിച്ച ഒരു നിയമനാംഗീകാരത്തി ന്മേൽ ഓഡിറ്റ് തടസ്സവാദമെഴുതി, നിയമനാംഗീകാരം റദ്ദ് ചെയ്യാൻ നിർദേശിച്ച നടപടി ഗുരുത രമായ കൃത്യവിലോപമാണെന്നും, ഉയർന്ന അധികാര കേന്ദ്രങ്ങളുടെ ഉത്തരവുകളെ മാനിക്കാതി രിക്കുന്നത് മാപ്പർഹിക്കാത്ത തെറ്റാണെന്നും അഡീഷണൽ ഡയറക്ടർ പറയുകയുണ്ടായി. ആയതിനാൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ കാട്ടിയ തെറ്റ് അദ്ദേഹം തന്നെ തിരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രതിനിധിയോട് അഡീഷണൽ ഡയറക്ടർ കൂടിക്കാഴ്ചാ വേളയിൽ നിർദേശിച്ചു.

തുടർന്ന് പരാമർശം 5 ലെ കത്ത് വഴി, "ടി. ഓഡിറ്റ് തടസ്സവാദം പുനഃപരിശോധിച്ച തായും, തടസ്സവാദം ഉന്നയിച്ചതിൽ അപാകതയുണ്ടെന്നു ബോധ്യപ്പെട്ടതായും, ആയതിനാൽ അത് നീക്കം ചെയ്തതായും, വിവരം തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചതായും" കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിക്കുകയുണ്ടായി. വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഈ തെറ്റുതിരുത്തൽ നടപടി മാതൃകാപരമാണ്. തെറ്റുകൾ മനുഷ്യസഹജമാണ്. ഏത് ഉദ്യോഗസ്ഥനും അത് സംഭവിച്ചേക്കാം. എന്നാൽ അത് ബോധ്യപ്പെടുമ്പോൾ സ്വയം തിരുത്തുന്നത് മാതൃകാപരമായ നടപടിയാണ്. വസ്തുതകൾ ഉൾക്കൊണ്ട്, അത്തരം ഒരു അനുകരണീയ മാതൃക സൃഷ്ടിച്ച കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെ ബന്ധപ്പെട്ട

എല്ലാ ജീവനക്കാരെയും അഭിനന്ദനം അറിയിച്ചുകൊണ്ട് പ്രസ്തുത ഓഡിറ്റ് തടസ്സവാദം നീക്കം ചെയ്ത നടപടിക്ക് സാധൂകരണം നൽകുന്നു. സമാനമായ ഓഡിറ്റ് തടസ്സവാദങ്ങൾ ജില്ലയിൽ നിലനിൽക്കുന്നുണ്ടെങ്കിൽ അവയും പുനഃപരിശോധിച്ച് പിൻവലിക്കാനുള്ള ആർജവം കാട്ടണ മെന്നും നിർദേശിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറോ സർക്കാരോ നൽകുന്ന ഉത്തരവുകളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയല്ലാതെ അതിന്മേൽ ഓഡിറ്റ് തടസ്സവാദം എഴുതുന്ന നടപടി തീർത്തും അനുചിതവും അച്ചടക്കനടപടികൾ ക്ഷണിച്ചു വരുത്തുന്നതുമാണ്. മാത്രമല്ല ഉയർന്ന അധികാര കേന്ദ്രങ്ങളോടുള്ള വെല്ലുവിളിയായി അത് കണക്കാക്കപ്പെടുകയും ചെയ്യും. ആയതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെ ഓഡിറ്റ് വിഭാഗത്തിന് ഇക്കാര്യത്തിൽ വ്യക്തമായ നിർദേശങ്ങൾ ഉപഡയറക്ടർ നൽകേണ്ട താണ്.

ഓഡിറ്റ് തടസ്സവാദം വിദ്യാഭ്യാസ ഉപഡയറക്ടർ തന്നെ നീക്കം ചെയ്തതിനാൽ ശ്രീമതി.ജലീലയുടെ തടഞ്ഞുവയ്ക്കപ്പെട്ട ആനുകൂല്യങ്ങളെല്ലാം തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയിട്ടുണ്ടാകും എന്നു കരുതുന്നു. ഇത്തരത്തിൽ ഓഡിറ്റ് തടസ്സ വാദം ഉണ്ടായാൽ "നിയമനാംഗീകാരം റദ്ദ് ചെയ്യാൻ" ഡയറക്ടർക്ക് എഴുതുന്നതല്ല ശരിയായ നടപടിയെന്നും മറുപടി നൽകിയിട്ടും തടസ്സവാദം നിലനിർത്തുകയാണെങ്കിൽ വിവരം ഡയറക്ടറെ അറിയിക്കുകയാണ് വേണ്ടതെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ഓർമ്മപ്പെ ടുത്തുന്നു.

**ജെസ്സി ജോസഫ്,**
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

സ്വീകർത്താവ്
1) ശ്രീമതി.ടി.കെ. ജലീല, എൽ.ജി. അറബിക് ടീച്ചർ, പൊന്ന്യം മാപ്പിള എൽ.പി. സ്കൂൾ, പൊന്ന്യം വെസ്റ്റ്.പി.ഒ., തലശ്ശേരി, കണ്ണൂർ ജില്ല.
2) വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ.
3) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തലശ്ശേരി നോർത്ത്.

പകർപ്പ്:-
1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി. @ സ്കൂൾ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കു ന്നതിന്)
2) കരുതൽ ഫയൽ.

എ.റ്റി.29/7